GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/08/2026

1. കർഷക ദിനാചരണത്തോട് അനുബന്ധിച്ച് ശ്രീകാര്യം കൃഷിഭവൻ പരിധിയിലെ മികച്ച കർഷകരെയും കൃഷിക്കൂട്ടങ്ങളെയും ആദരിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. 11 വിവിധ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ആധാർകാർഡിന്റെയും കരം അടച്ച രസീതിന്റെയും പകർപ്പുകൾ സഹിതം ശ്രീകാര്യം കൃഷിഭവനിൽ ആഗസ്റ്റ് 5 നകം നേരിട്ട് സമർപ്പിക്കണം. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കൃഷിഭവനിൽ നിന്നും ആദരവ് ലഭിച്ചവർ

വീണ്ടും അപേക്ഷിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് 9383470176 എന്ന നമ്പറിൽ ബന്ധപ്പെടാം.

2. കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രം, 2026 ആഗസ്റ്റ് 6,7 തിയ്യതികളിലെ മുട്ടക്കോഴി വളർത്തൽ പരീശീലന ക്ലാസിലെക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു . കൂടുതൽ വിവരങ്ങൾക്ക് 9388464383 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആത്മ- 2026-27 കർഷക പരിശീലന പരിപാടിയുടെ ഭാഗമായി ആനാട് ഗ്രാമപഞ്ചായത്തിലെ കർഷകർക്കായി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 5 ന് കൃഷിഭവൻ ഹാളിൽ വെച്ച് കൂൺ കൃഷിയിൽ ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 കർഷകർക്കാണ് പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നത്. താൽപ്പര്യമുള്ള കർഷകർ താഴെ പറയുന്ന നമ്പറിലോ, കൃഷി ഭവനിൽ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ബന്ധപ്പെടെണ്ട ഫോൺ നമ്പർ 9383470151, 9037707007, 6282406904.

4. പെരുവണ്ണാമൂഴി കൃഷിവിജ്ഞാന കേന്ദ്രത്തിൽ കൂൺ കൃഷി എന്ന വിഷയത്തിൽ ആഗസ്റ്റ് ഏഴിന് ഏകദിന ഹ്രസ്വ പരിശീലന

പരിപാടി സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് അവസരം. പങ്കെടുക്കാൻ താല്പര്യമുള്ളവർ 9567804551 എന്ന നമ്പറിൽ വിളിച്ച് റജിസ്റ്റർ ചെയ്യേണ്ടതാണ് .

5. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (KEPCO), ഏകദേശം 600 കിലോ തൂക്കം വരുന്ന 2 പോത്തുകളെ ക്വട്ടേഷൻ / പരസ്യലേലം വ്യവസ്ഥയിൽ തിരുവനന്തപുരം പേട്ട ആസ്ഥാനത്തു വെച്ച് 10/08/2026 തിങ്കളാഴ്ച രാവിലെ 11.30 മണിക്ക് ലേലം ചെയ്യുന്നു. ക്വട്ടേഷൻ അന്നേ ദിവസം രാവിലെ 11.15 മുതൽ 11.30 വരെ സ്വീകരിക്കുന്നതാണ്. നിരതദ്രവ്യമായി 5000 രൂപ യാണ് (രണ്ട് പോത്തുകൾക്ക് ) അടയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2478585, 2468585 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

6. കർഷക ദിനാഘോഷങ്ങളുടെ ഭാഗമായി കാരോട് കൃഷിഭവൻ പരിധിയിലെ മികച്ച കർഷകരെ ആദരിക്കുന്നു. കൃഷി ഉപജീവന മാർഗമാക്കിയ മികച്ച ജൈവകർഷകൻ/കർഷക, കർഷക വിദ്യാർത്ഥി, മുതിർന്ന കർഷകൻ, എസ്സി, എസ്ടി വിഭാഗത്തിലെ കർഷകർ, വനിതാ കർഷക, മികച്ച കർഷക തൊഴിലാളി എന്നീ വിവിധ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. കർഷകർ ആഗസ്റ്റ് പത്തിനകം കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കണം.

7. പൂയപ്പള്ളി മോഡൽ ആർ.പി. എസ്സി ന്റെയും റബ്ബർ ബോർഡിന്റയും നേതൃത്വത്തിൽ 18 നും 60 നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് സ്റ്റൈപ്പന്റോട് കൂടി 8 ദിവസത്തെ റബ്ബർ ടാപ്പിംഗ് പരിശീലനം നൽകുന്നു. താല്പര്യമുള്ളവർ ഇന്ന് അഞ്ച്മണിക്ക് മുൻപ് അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8943346625 /9061042347 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.
8. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കെ വി കെ യിൽ വെച്ച് പട്ടികജാതി വിഭാഗത്തിലുള്ള കർഷകർക്ക് രണ്ട് ദിവസത്തെ സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂൺ കൃഷി, നഴ്സറി പരിപാലനം, കാർഷിക ഉപകരണങ്ങളുടെ ഉപയോഗ രീതികള് എന്നീ വിഷയങ്ങളിൽ ആഗസ്റ്റ് 10, 11 ദിവസങ്ങളിൽ നടത്തുന്ന പരിശീലന പരിപാടിയിൽ താമസം, ഭക്ഷണം എന്നിവ സൗജന്യമായിരിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് പരിശീലനത്തിൽ പങ്കെടുക്കുവാൻ അവസരമുണ്ടാകുക. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെ 9400483754 നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.
9. കർഷക ദിനാഘോഷത്തിന്റെ ഭാഗമായി പെരുമ്പാവൂർ മുടക്കുഴ പഞ്ചായത്ത് കൃഷിഭവന്റെ നേതൃത്വത്തിൽ കർഷക ദിനത്തിൽ കർഷകരെ ആദരിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. 12 വിവിധ

വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. അപേക്ഷകൾ നേരിട്ടോ, വാർഡ് അംഗങ്ങൾ, കാർഷിക വികസന സമതി അംഗങ്ങൾ വഴിയോ കൃഷി ഭവനിൽ സമർപ്പിക്കാം അപേക്ഷയോടൊപ്പം നിലവിലെ കൃഷി രീതികൾ, വിളകൾ ഇവയെക്കുറിച്ചുള്ള വിശദീകരണം, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം ഇന്ന് അഞ്ച് മണിക്ക് മുൻപായി കൃഷിഭവനിൽ നൽകണം.

10. കർഷക ദിനാഘോഷത്തിന്റെ ഭാഗമായി വടകര നഗരസഭാ കൃഷിഭവൻ മികച്ച കർഷകരെ ആദരിക്കുന്നു. 13 വിഭാഗങ്ങളിലാണ് കർഷകരെ ആദരിക്കുന്നത്. കർഷകർ ഇന്ന് അഞ്ചമണിക്ക് മുൻപായി വടകര കൃഷിഭവൻ ഓഫീസിലോ അതത് വാർഡ് കൗൺസിലറുടെ കയ്യിലോ അപേക്ഷകൾ സമർപ്പിക്കണം.